ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളല്ലാതെ പുതിയ വ്യവസ്ഥകളൊന്നും സർക്കാർ നടപ്പിലാക്കിയിട്ടില്ല. ചട്ടങ്ങൾക്കനുസൃതമായി ചില നിയന്ത്രണങ്ങളിൽ അയവ് വരുത്തുകയാണ് ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് 11-11-2015-ൽ G.O.(P) 28/15/ ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

20 (1842) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും സെൻസർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുസംബന്ധമായ തീരുമാനം വെളിപ്പെടുത്താമോ ;

(ബി) ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്ക് പ്രസ്തുത നിലപാട് ഭീഷണിയാകുമോ ; ഇത്തരമൊരു നിലപാട് സ്വീകരിക്കുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത തീരുമാനം സർഗ്ഗസൃഷ്ടികൾ നടത്തുന്നവരെ സർവ്വീസിൽ നിന്നും മാറ്റിനിർത്താൻ ഇടയാക്കുമോ ;

(ഡി) നിയന്ത്രണങ്ങളുടെ ഭാഗമായി ഏതെല്ലാം തലത്തിലുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങേണ്ടതായിട്ടുണ്ട് ; എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകളിന്മേൽ മേലുദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളുക ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കേരള സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ചട്ടപ്രകാരം ഒരുദ്യോഗസ്ഥന് പുസ്തകരചനനടത്തി പബ്ലിഷേഴ്സ് വഴി പുസ്തകത്തിന് വില നിശ്ചയിച്ച് പ്രസിദ്ധീകരിക്കാനോ, സ്വകാര്യ റേഡിയോ, ടെലിവിഷൻ ചാനലുകളിൽ വാർത്ത വായിച്ച് അല്ലെങ്കിൽ പരിപാടികൾ അവതരിപ്പിച്ച് പ്രതിഫലം കൈപ്പറ്റുവാനോ നിലവിൽ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/ പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകുന്നതിന് വ്യവസ്ഥകൾ രൂപീകരിച്ചു കൊണ്ടുമാണ് 11-11-2015-ൽ G.O.(P) 28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. പക്ഷേ ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

(ബി&സി) 11-11-2015-ലെ ഉത്തരവ് കേരള സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുവാൻ കൂടുതൽ അവസരം നൽകണം എന്ന ഉദ്ദേശ്യത്തോടെ പുറപ്പെടുവിച്ചതാണ്. ഈ ഉത്തരവ് നിലവിലെ പെരുമാറ്റച്ചട്ടങ്ങളിലില്ലാത്ത യാതൊരു നിയന്ത്രണവും ഉദ്യോഗസ്ഥരുടെമേൽ അടിച്ചേൽപ്പിക്കുന്നില്ല.

(ഡി) 11-11-2015-ലെ ഉത്തരവ് മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ട സാഹചര്യം ഉദിക്കുന്നില്ല. എന്നാൽ 1960-ലെ പെരുമാറ്റ ചട്ടങ്ങൾ പ്രകാരം അതിൽ പറഞ്ഞിട്ടുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

ജനസമ്പർക്ക പരിപാടി

21 (1843) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലെല്ലാം കൂടിആകെ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകൾ തീർപ്പാക്കാത്തതുണ്ടെന്ന് വെളിപ്പെടുത്തുമോ ;